ഉത്തരം

(എ ആന്റ് ബി)	(1)	കരമനപ്പാലം	..	31-12-2004
	(2)	കിള്ളിപ്പാലം	..	31-12-2004
	(3)	കരമന കിള്ളി റോഡിന്റെ വീതി കൂട്ടൽ	..	31-7-2004
	(4)	ആറ്റുകാൽ പാലം	..	12/2005
	(5)	ആറ്റുകാൽ റോഡ്	..	12/2005
	(6)	അണ്ണൂർ–ആനയിടവഴി റോഡ്	..	6/2005
	(7)	ഡൈവർഷൻ റോഡുകൾ	..	12/2004

കെട്ടിട വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) കരമനപ്പാലം, കിള്ളിപ്പാലം, കരമന കിള്ളി റോഡു വീതി കൂട്ടൽ എന്നിവയ്ക്കായി 1,071 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്:

ആറ്റുകാൽ പാലം	..	1 കോടി
ആറ്റുകാൽ റോഡ്	..	1 കോടി
അണ്ണൂർ–ആനയിടവഴി റോഡ്	..	50 ലക്ഷം
ഡൈവർഷൻ റോഡുകൾ	..	2 കോടി

കുളനട ടി.ബി.-യുടെ പുനരുദ്ധാരണം

73 [3247] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കുളനട ടി.ബി. പുനരുദ്ധാരണ പ്രവർത്തനം നടത്താതെ നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇവിടെ അടിയന്തിരമായി വൈദ്യുതി ടെലിഫോൺ കണക്ഷനുകൾ ലഭ്യമാക്കുവാനും മതിയായ സ്റ്റാഫിനെ നിയമിക്കുവാനും നടപടിയെടുക്കുമോ?

ഉത്തരം

(എ ആന്റ് ബി) വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly